**SCHOOL OF DISTANCE EDUCATION**
**MAHATMA GANDHI UNIVERSITY, KOTTAYAM**
**B. A. Malayalam- Sixth Semester**

## Core Course XII- വ്യാകരണം, ഭാഷാചരിത്രം

1. ഗതി ചേർന്ന വിഭക്ത്യന്തത്തിന്റെ പേരെന്ത്?
   (A) സമാസവിഭക്തി (B) മിശ്രവിഭക്തി
   (C) നിർദ്ദേശിക (D) സംബന്ധിക
2. 'വിണ്ടലം' – സന്ധിയേത് ?
   (A) ലോപം (B) ആഗമം
   (C) ദ്വിത്വം (D) ആദേശം
3. സകർമ്മകക്രിയ ഏത് ?
   (A) ഉറങ്ങി (B) നിന്നു
   (C) കുളിച്ചു (D) അടിച്ചു
4. അധ്യാപകൻ എന്ന പദത്തിന്റെ അലിംഗബഹുവചനരൂപം ഏത് ?
   (A) അധ്യാപിക (B) അധ്യാപകർ
   (C) അധ്യാപകന്മാർ (D) വിദ്യാർത്ഥികൾ
5. പ്രയോഗിപ്പാൻ സജ്ജമായുള്ള ശബ്ദത്തിനു പറയുന്ന പേരെന്ത് ?
   (A) പദം (B) നാമം
   (C) അവ്യയം (D) സമുച്ചയം
6. നാമത്തിനു കീഴടങ്ങുന്ന കൃതി.
   (A) തദ്ധിതം (B) കൃത്ത്
   (C) പേരെച്ചം (D) വിനയെച്ചം
7. ശുദ്ധഭേദകത്തിന് ഉദാഹരണമേത് ?
   (A) ഇരുപത് (B) വൻതേൻ
   (C) സമർത്ഥയായ (D) നാഴിയരി
8. താഴെ കൊടുത്തിട്ടുള്ളവയിൽ ചുട്ടെഴുത്ത് ഏത് ?
   (A) അ (B) ക
   (C) ഛ (D) നല്ല
9. സമുച്ചയനിപാതം ഏത് ?
   (A) ഓ (B) എങ്കിൽ
   (C) ഉം (D) എന്ന
10. 'ലോപശ്ച' എന്ന നിയമം ഏതു ലോപത്തെ സൂചിപ്പിക്കുന്നു?
    (A) ഇകാരലോപം (B) അകാരലോപം
    (C) അനുസ്വാരലോപം (D) സംവൃതോകാരലോപം
11. കേരളപാണിനീയഭാഷ്യം എന്ന ഗ്രന്ഥം എഴുതിയതാര്?
    (A) സി. എൽ. ആന്റണി (B) ഏ. ആർ. രാജരാജവർമ്മ
    (C) ശേഷഗിരിപ്രഭു (D) ജോർജ്ജ് മാത്തൻ
12. താഴെ കൊടുത്തിട്ടുള്ളവയിൽ ശിഥിലാക്ഷരം ഏത് ?
    (A) ക (B) ജ
    (C) ഹ (D) ഡ
13. സ്വരസംയോഗത്തെ വർജ്ജിക്കുവാൻ ആഗമസന്ധിയിൽ വരുത്തുന്ന മാറ്റമെന്ത് ?
    (A) തകാരാഗമം (B) യ, വ എന്നിവയുടെ ആഗമം
    (C) അ, ഉ എന്നിവയുടെ ലോപം (D) ദൃഢവർണ്ണം ഇരട്ടിക്കുന്നു.

14. സ്വരങ്ങളിലെ ഹ്രസ്വദീർഘഭേദത്തിന് അടിസ്ഥാനം.......................... ആണ്.

(A) മാർഗഭേദം (B) അനുപ്രദാനം

(C) സ്ഥാനഭേദം (D) പരിമാണം

15. ഖിലം, ലുപ്തം, ഇരട്ടിപ്പ് എന്നിവ ഏതിന്റെ പിരിവുകളാണ് ?

(A) അനുപ്രയോഗം (B) സമാസം

(C) വിഭക്ത്യാഭാസം (D) പ്രകാരം

16. 'ജാത്യാ ദ്യോതകമാണാദ്യം' എന്നത് സൂചിപ്പിക്കുന്നത് എന്തിനെയാണ് ?

(A) നിപാതം (B) അവ്യയം

(C) ഭേദകം (D) കാരകം

17. .'................. ചേർന്നാൽ ക്ലീബേ വേണ്ട ബഹുക്കുറി' –പൂരിപ്പിക്കുക.

(A) വിനയെച്ചം (B) സർവ്വനാമം

(C) സാമാന്യനാമം (D) സംഖ്യാവിശേഷണം

18. ഏകാക്ഷരധാതുവിൽനിന്ന് പദങ്ങളുണ്ടാക്കുന്ന പ്രക്രിയ

(A) വിവർത്തനപ്രക്രിയ (B) അനുനാസികാതിപ്രസരം

(C) കരണവിഭ്രമം (D) നിയോജകപ്രകാരം

19. അ, ക, ഉക എന്നിവ ഏതു വിനയെച്ചത്തിന്റെ പ്രത്യയങ്ങളാണ് ?

(A) മുൻവിനയെച്ചം (B) പിൻവിനയെച്ചം

(C) തൻവിനയെച്ചം (D) നടുവിനയെച്ചം

20. വിധായകപ്രകാരത്തിന്റെ പ്രത്യയമേത് ?

(A) അട്ടേ (B) അണം

(C) ആം (D) കൾ

21. പൂരണിതദ്ധിതത്തിന് ഉദാഹരണമേത് ?

(A) ഒന്നാം (B) വെണ്മ

(C) കണ്ടത് (D) പഴമ

22. പൂർവ്വകേരളഭാഷ എന്ന ഗ്രന്ഥത്തിന്റെ രചയിതാവാര് ?

(A) കെ. എം. പ്രഭാകരവാരിയർ (B) സി. എൽ. ആന്റണി

(C) പി. ഗോവിന്ദപ്പിള്ള (D) കോവുണ്ണി നെടുങ്ങാടി

23. 'വിഭക്തിക്കുറി കൂടാതെയുള്ള പദയോഗ'മേത് ?

(A) സന്ധി (B) സമാസം

(C) തദ്ധിതം (D) വാക്യം

24. കേരളപാണിനീയത്തിന്റെ ഒന്നാം പതിപ്പ് പ്രസിദ്ധീകരിച്ച വർഷമേത് ?

(A) 1896 (B) 1968

(C) 1996 (D) 1917

25. പേരെച്ചത്തെത്തന്നെ ഭേദകമായിട്ടുപയോഗിക്കുന്നതിനു പറയുന്ന പേര്.

(A) പാരിമാണികം (B) വിഭാവകം

(C) നാമാംഗജം (D) ക്രിയാംഗജം

26. 'തിരുവോണം'– സന്ധിയേത് ?

(A) ആഗമസന്ധി (B) വ്യഞ്ജനസന്ധി

(C) ലോപസന്ധി (D) ആദേശസന്ധി

27. 'നാമവും ക്രിയയും തമ്മി-
ലുള്ള യോജന ............ ' – പൂരിപ്പിക്കുക.
(A) പ്രതിഗ്രാഹിക (B) സാക്ഷി
(C) കാരകം (D) കൃതി

28. ഘട്ടവിഭജനമനുസരിച്ച് കേരളഭാഷയുടെ ബാല്യാവസ്ഥയേത് ?
(A) മലയാണ്മക്കാലം (B) മലയാളകാലം
(C) വർത്തമാനകാലം (D) കരിന്തമിഴുകാലം

29. പ്രതിഗ്രാഹികാവിഭക്തിയുടെ പ്രത്യയമേത് ?
(A) എ (B) ഓട്
(C) ആൽ (D) ഇൽ

30. മുറ്റുവിനയ്ക്ക് ഉദാഹരണമേത് ?
(A) വന്ന (B) ചെയ്യുന്നു
(C) ചില (D) പോയ

31. എല്ലാ വസ്തുക്കളെയും ഓരോന്നായോ എല്ലാം കൂടിയോ കുറിക്കുന്നതിനുള്ള നാമം.
(A) ദ്രവ്യനാമം (B) ക്രിയാനാമം
(C) സർവ്വനാമം (D) ഗുണനാമം

32. വിഭക്തിയെ വിളക്കുന്ന ദ്യോതകമേത് ?
(A) ഗതി (B) ഘടകം
(C) വ്യാക്ഷേപകം (D) കേവലം

33. വ്യാകരണമിത്രം രചിച്ചതാര് ?
(A) ഗുണ്ടർട്ട് (B) ശേഷഗിരിപ്രഭു
(C) എൻ. എൻ. മൂസ്സത് (D) കുട്ടിക്കൃഷ്ണമാരാര്

34. ഉദ്ദേശികാവിഭക്തികൊണ്ട് കർത്തൃസ്ഥാനം സൂചിപ്പിക്കുന്ന ക്രിയ.
(A) പ്രയോജകക്രിയ (B) പറ്റുവിന
(C) നിഗീർണ്ണകർത്തൃകം (D) കാരിതം

35. പ്രകൃതിയും ഇടനിലയും ചേർന്നുനിൽക്കുന്ന രൂപത്തിനു പറയുന്ന പേര്.
(A) അംഗം (B) പ്രത്യയം
(C) സമാസം (D) ധാതു

36. മിശ്രഭാഷാസിദ്ധാന്തം അവതരിപ്പിച്ചതാര് ?
(A) കോവുണ്ണി നെടുങ്ങാടി (B) ആറ്റൂർ കൃഷ്ണപ്പിഷാരടി
(C) കാൽഡ്വൽ (D) ഇളംകുളം കുഞ്ഞൻപിള്ള

37. അക്ഷരത്തെയോ വർണ്ണത്തെയോ കുറിക്കാനുപയോഗിക്കുന്ന ചിഹ്നം.
(A) സ്വരം (B) വ്യഞ്ജനം
(C) ലിപി (D) പൂർണ്ണവിരാമം

38. ഒരു ധ്വനിയിൽ മറ്റൊരു ധ്വനികൂടി അലിഞ്ഞുചേരുന്ന പ്രക്രിയ.
(A) കരണവിഭ്രമം (B) സംസർഗ്ഗം
(C) അനുപ്രദാനം (D) മാർഗ്ഗഭേദം

39. 'സന്ധാവചോർ മധ്യേ യ: ' എന്ന ലീലാതിലകസൂത്രം എന്തിനെയാണ് സൂചിപ്പിക്കുന്നത് ?
(A) യകാരാഗമം (B) ഉകാരലോപം
(C) വകാരാഗമം (D) നകാരാദേശം

40. പൂർവ്വപദത്തിലുള്ള ലിംഗവചനപ്രത്യയങ്ങൾക്ക് ലോപമില്ലാത്ത സമാസമേത് ?
(A) ദ്വിത്വസമാസം (B) ബഹുവ്രീഹി
(C) അലുപ്തസമാസം (D) സമാസവിഭക്തി

41. വൈദ്യർ, സ്വാമികൾ തുടങ്ങിയവ ഏതിനുദാഹരണമാണ് ?
(A) ദ്യോതകം (B) ഭേദകം
(C) പ്രകാരം (D) പൂജകബഹുവചനം

42. 'പഞ്ചമം' എന്ന് അറിയപ്പെടുന്നത് താഴെ കൊടുത്തിട്ടുള്ളവയിൽ ഏതാണ് ?
(A) അനുസ്വാരം (B) അനുനാസികം
(C) അനുപ്രദാനം (D) അനുപ്രയോഗം

43. ലീലാതിലകകാരൻ കേരളഭാഷയിൽ കണ്ടെത്തുന്ന അധികാക്ഷരങ്ങളേവ ?
(A) ന്റ, റ്റ, റ, ഴ (B) ശ, ഷ, സ
(C) യ, ര, ല, വ (D) ക, ച, ട, ത, പ

44. 'മലയാഴ്മയുടെ വ്യാകരണം' രചിച്ചതാര് ?
(A) ഗുണ്ടർട്ട് (B) ജോർജ്ജ് മാത്തൻ
(C) ശേഷഗിരിപ്രഭു (D) ഏ. ആർ. രാജരാജവർമ്മ

45. 'ക'വർഗ്ഗത്തിൽപ്പെടുന്ന വ്യഞ്ജനങ്ങളുടെ ഉച്ചാരണസ്ഥാനമേത് ?
(A) താലു (B) ദന്തം
(C) കണ്ഠം (D) ഓഷ്ഠം

46. 'നിങ്കൾ', 'നിങ്ങൾ' എന്നായതിനു യോജിക്കുന്ന നയമേത് ?
(A) അനുനാസികാതിപ്രസരം (B) താലവ്യാദേശം
(C) സ്വരസംവരണം (D) പുരുഷഭേദനിരാസം

47. പാട്ടിന്റെ ലക്ഷണം നിർദ്ദേശിക്കുന്ന കൃതിയേത് ?
(A) കേരളപാണിനീയം (B) ചന്ദ്രോത്സവം
(C) ലീലാതിലകം (D) കേരളപാണിനീയഭാഷ്യം

48. പിൻവിനയെച്ചത്തിന് ഉദാഹരണമേത് ?
(A) വരുകിൽ കാണാം (B) ചാടിക്കേറി
(C) കേൾക്കെപ്പറഞ്ഞു (D) കാണാൻ ചെന്നു

49. അംഗപ്രത്യയം ചേർത്തതിനുമേൽ വചനപ്രത്യയം ചേർക്കുന്നതിന് കേരളപാണിനി നൽകുന്ന ഉദാഹരണമേത് ?
(A) കുഞ്ഞുങ്ങൾ (B) കുട്ടികൾ
(C) ബാലന്മാർ (D) ശിഷ്യന്മാർ

50. അർത്ഥഭേദം കൂടാതെ കേവലപ്രകൃതിയിൽ 'ക്ക് ' ചേർക്കുന്നതിനു പറയുന്ന പേര്.
(A) കാരകം (B) സകർമ്മകം
(C) കാരിതം (D) പറ്റുവിന

51. 'വാക്യാർത്ഥത്തെ അഖണ്ഡമായ് ' ബോധിപ്പിക്കുന്ന ദ്യോതകം ഏത് ?
(A) ഘടകം (B) വ്യാക്ഷേപകം
(C) ഗതി (D) അവ്യയം

52. 'കൈകാലുകൾ'– സമാസമേത് ?
(A) തത്പുരുഷൻ (B) രൂപകസമാസം
(C) ബഹുവ്രീഹി (D) ദ്വന്ദ്വൻ

53. ‘ണ’കാരത്തിൽനിന്നു പരമായ ‘ത’കാരം ‘ട’കാരമാകുന്നതു സൂചിപ്പിക്കുന്ന ലീലാതിലകസൂത്രമേത് ?

(A) ണസ്തസ്യ ട :
(B) ക്വചില്ലോപ :
(C) റുട്യോർദ്വിത്വം ച
(D) സമാസേ ചാഞാദീനാം

54. വ്യഞ്ജനങ്ങൾ ഉച്ചാരണാർഹമാകുന്നത് ഏതിന്റെ സഹായത്താലാണ് ?

(A) ചില്ലുകൾ
(B) നാമങ്ങൾ
(C) അനുനാസികങ്ങൾ
(D) സ്വരങ്ങൾ

55. സർവ്വനാമത്തോടു ചേരുന്ന ലിംഗപ്രത്യയങ്ങളേവ ?

(A) അൻ, ഇ, അം
(B) അർ, മാർ, കൾ
(C) അൻ, അൾ, തു
(D) അ, ക, ഉക

56. ‘........................ താനനുസ്വാരം
സ്വരം ചേർന്നാൽ തെളിഞ്ഞിടും’ – പൂരിപ്പിക്കുക.

(A) തകാരം
(B) മകാരം
(C) ടകാരം
(D) ഉകാരം

57. നിയോജകപ്രകാരത്തിന്റെ പ്രത്യയമേത് ?

(A) അട്ടേ
(B) ആം
(C) അണം
(D) ഉന്നു

58. കാരകം ഇല്ലാത്ത വിഭക്തിയേത് ?

(A) നിർദ്ദേശിക
(B) പ്രതിഗ്രാഹിക
(C) സംബന്ധിക
(D) ഉദ്ദേശിക

59. ‘നെന്മണി’ – സന്ധിയേത് ?

(A) ലോപം
(B) ആഗമം
(C) ആദേശം
(D) ദ്വിത്വം

60. പേരെച്ചത്തിൽ ലിംഗപ്രത്യയം ചേർത്തുണ്ടാക്കുന്ന നാമം.

(A) സാമാന്യനാമം
(B) ആഖ്യാതനാമം
(C) ക്രിയാനാമം
(D) സർവ്വനാമം

**Answer Key**

1. B
2. D
3. D
4. B
5. A
6. C
7. B
8. A
9. C
10. D
11. A
12. C
13. B
14. D
15. C
16. A
17. D
18. A
19. D
20. B
21. A
22. A
23. B
24. A
25. C
26. A
27. C
28. D
29. A
30. B
31. C
32. A
33. B
34. C
35. A
36. D
37. C
38. B
39. A
40. C
41. D
42. B
43. A
44. B
45. C
46. A
47. C
48. D
49. A
50. C
51. B
52. D
53. A
54. D
55. C
56. B
57. A
58. C
59. C
60. B